# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 648** — **08/08/2017-ൽ മറുപടിയ്ക്ക്**

## കേരള സഹകരണ ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ. ഇ.കെ.വിജയൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കുമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുമുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് ഒരു പുതിയ സഹകരണ ബാങ്കായിരിക്കുമോ; അതിന് ലൈസൻസ് ലഭിക്കുവാൻ എന്തൊക്കെ മാനദണ്ഡങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട് എന്നറിയിക്കുമോ; സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് നിലനിർത്തി, പുതിയ ലൈസൻസ് എടുക്കേണ്ട സാഹചര്യം ഒഴിവാക്കുമോ; | (ബി) & (സി) | കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ വിഷയം പഠിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള ടാസ്ക് ഫോഴ്സ് പഠിച്ച് നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | കേരള സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകൾ ലയിപ്പിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ